# ജിന്നും സിഹ്റും മടവൂരികളുടെ ദുഷ്പ്രചാരണവും

ഡോ. കെ. കെ. സക്കരിയ്യസ്വലാഹി

'ജിന്നും സിഹ്റും അന്നും ഇന്നും' എന്ന തലക്കെട്ടിൽ മുജാഹിദ് പ്രസ്ഥാനത്തെ പിളർത്തി പുതിയ സംഘടന യുണ്ടാക്കി പുറത്തുപോയ വിഘടിതർ ഒരു നോട്ടീസ് പലയിടങ്ങളിലും പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപെട്ടു. ഹദീസ് നിഷേധത്തിൽ പുതിയ വാദങ്ങളുമായി മുജാഹിദുകളെ വഴിതെറ്റിക്കാൻ ശ്രമിക്കുന്ന അബ്ദുസ്സലാം സുല്ലമി (എടവണ്ണ) പ്രസംഗിച്ചതും മടവൂരികൾ വ്യാപകമായി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ നാല് വി.സി.ഡികളെ അവലംബിച്ചാണത്രെ ഈ നോട്ടീസ് തയ്യാറാക്കിയിരിക്കുന്നത്. ആ സീഡികളിൽ ഉള്ള എല്ലാ അബദ്ധങ്ങളും ഈ നോട്ടീസിലേക്ക് ഛർദ്ദിച്ചിരിക്കുകയാണ്. പ്രസ്തുത നോട്ടീസിന് മറുപടി പറയുന്നതോടൊപ്പം മടവൂരികളുടെ ഈ വിഷയത്തിലുള്ള വൈരുദ്ധ്യങ്ങളും പാപ്പരത്തങ്ങളും തുറന്നുകാട്ടുകയാണ് ഈ ലഘുലേഖയുടെ ഉദ്ദേശ്യം.

മുജാഹിദ് സംഘടനയെ പിളർത്തിപ്പോയപ്പോൾ എൺപത് ശതമാനം മുജാഹിദുകളും തങ്ങളുടെ കൂടെയാണെന്ന് പാടി നടന്നവർ മിക്ക മുജാഹിദ് മഹല്ലുകളിലും വട്ടപ്പൂജ്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു എന്ന കാര്യം അവർക്ക് തന്നെ ബോധ്യം വന്നതുകൊണ്ടാണ് അണികളെ പിടിച്ചു നിർത്താൻ പിളർപ്പൻ നേതാക്കൾ ഇത്തരം നോട്ടീസുകളുമായി ഊരുതെണ്ടുന്നത്. മടവൂരികളുടെ ആശയദാരിദ്ര്യത്തിൻെറ മികച്ച തെളിവാണിത്.

കെ.എൻ.എമ്മിനെ അനുകൂലിക്കുന്ന ചില പ്രസംഗകരുടെ വാക്കുകൾ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത് അതിൽ തന്ത്രപരമായി തങ്ങളുടെ വക ചിലതൊക്കെ ചേർത്ത് പാമരന്മാരെ തെറ്റിദ്ധരിപ്പിക്കുന്ന ഈ നോട്ടീസിൽ കെ.എൻ.എമ്മിൻെറ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിൽ നിന്നും ഒരു വാചകംപോലും ഉദ്ധരിക്കാൻ ഇവർക്ക് കഴിഞ്ഞില്ല. ആകെപ്പാടെയുള്ളത് അൽ-മനാറിൽ 1986 ഫെബ്രുവരിയിൽ വന്ന ഒരു ചോദ്യോത്തരത്തിലെ വാചകമാണ്. അതാകട്ടെ, ഇന്ന് ഈ ദുഷ്പ്രചരണത്തിന് നേതൃത്വം നൽകുന്ന അബ്ദുസ്സലാം സുല്ലമി തന്നെ എഴുതിയതാണ്. എന്നിട്ടും ഗതികെട്ട മടവൂരികൾ കെ.എൻ.എം. അന്ധവിശ്വാസത്തിലേക്ക് നയിക്കുന്നുവെന്ന് വെളിവില്ലാതെ വിളിച്ചു കൂവുകയാണ്! വല്ലാത്തൊരു തൊലിക്കട്ടി തന്നെ.

ഇനി നമുക്ക് ജിന്ന്, പിശാച്, സിഹ്റ്... വിഷയങ്ങളിൽ ഇസ്‌ലാഹി പ്രസിദ്ധീകരണങ്ങളിൽ മുമ്പ് എഴുതിയതും മടവൂരികൾ അന്യായമായി പിടിച്ചുവെച്ചിട്ടുള്ള ശബാബും മറ്റും ഈയ്യടുത്ത കാലത്ത് എഴുതിക്കൊണ്ടിരിക്കുന്നതു മായ ചില ലേഖനങ്ങൾ പരിശോധിക്കാം. ആരാണ് വിചിത്രവാദങ്ങൾ ഇറക്കുമതി ചെയ്തതെന്നും ആർക്കാണ് പഴയവാദങ്ങളിൽ നിന്നും വ്യതിയാനം വന്നതെന്നും വായനക്കാർ വിലയിരുത്തട്ടെ. കെ.എൻ.എമ്മുകാർ പ്രചരിപ്പി ക്കുന്നു എന്ന് ജൽപിച്ചുകൊണ്ട് നോട്ടീസിൽ പറഞ്ഞ ദുരാരോപണങ്ങൾ ഓരോന്നായി പരിശോധിക്കാം.

ആരോപണം(1): മനുഷ്യരുടെ ശരീരത്തിൽ ശൈത്വാൻ കൂടുമെന്നും ശൈത്വാൻ ബാധമൂലം പ്ളേഗ്, അപസ്മാരം പോലുള്ള രോഗം ഉണ്ടാവുമെന്നും കെ.എൻ.എമ്മുകാർ പ്രചരിപ്പിക്കുന്നു. (ഇത് അന്ധവിശ്വാസമാണ്)

മറുപടി :- മനസിൽ ദുർമന്ത്രണം നടത്തി വഴിതെറ്റിക്കുക മാത്രമല്ല, ശാരീരികവും മാനസികവുമായ ഉപദ്രവങ്ങളും പിശാച് ഉണ്ടാക്കുമെന്ന് ക്വുർആൻ കൊണ്ടും ഹദീസ്കൊണ്ടും തെളിഞ്ഞ കാര്യമാണ്. ജിന്നുവർഗത്തിൽ പെട്ട പിശാച് മനുഷ്യൻെറ രക്തധമനികളിലൂടെ സഞ്ചരിക്കാൻ കഴിവുള്ള അദൃശ്യസൃഷ്ടിയാണ്. (ഇക്കാര്യം എടവണ്ണ സുല്ലമിയും സമ്മതിക്കുന്നുണ്ട്. ബുഖാരി പരിഭാഷ 3/164). രക്തധമനി ശരീരത്തിനകത്തായതിനാൽ ശരീരത്തിൽ പിശാച് പ്രവേശിക്കുമെന്ന് അനിവാര്യമായും സുല്ലമി സമ്മതിക്കേണ്ടി വരുന്നു. മാത്രമല്ല, പിശാച് മനസ്സിൽ ദുർമന്ത്രണം നടത്തി വഴിതെറ്റിക്കുന്ന കാര്യം എല്ലാവരും നിർവിവാദം സമ്മതിക്കുന്നു. മനസ്സിൽ കടക്കാതെ ദുർമന്ത്രം സാധിക്കുമോ? ഇപ്രകാരം ശരീരത്തിൽ കടക്കുന്ന പിശാച് മനുഷ്യരിൽ ചില രോഗങ്ങൾ ഉണ്ടാക്കുമെന്നും ശബാബ് തന്നെ എഴുതുന്നത് നോക്കൂ:

"മനുഷ്യനെ എല്ലാ ഭാഗത്തുനിന്നും കാണുകയും അതുപോലെ അവരിൽ പ്രവേശിച്ച് അവൻെറ ചിന്തയേയും മന സ്സിനേയും സ്വാധീനിച്ചും കബളിപ്പിച്ചും തെറ്റായ വിശ്വാസം ജനിപ്പിക്കുകയും ചെയ്യുന്ന കൂട്ടുകാരനേയാണ് മേൽ പറഞ്ഞ വചനങ്ങൾ അനാവരണം ചെയ്യുന്നത്. വിഭ്രാന്തി, ഉന്മാദം, ഭയം, വ്യാധികൾ തുടങ്ങി നിരവധി ഭവിഷ്യത്തു കൾ പിശാച് അഥവാ ഇബ്‌ലീസ് ഉണ്ടാക്കിത്തീർക്കുമെന്നും അതിൽനിന്നുള്ള പൂർണ്ണമോചനം അല്ലാഹുവിൽ പൂർണ്ണ സമർപ്പണവും വിശ്വാസവുമാണെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു." (സി.എം. മൗലവി, ശബാബ് 2001 ഡിസംബർ 14).

ഇനി ഇപ്രകാരം ശൈത്വാൻ ബാധയുള്ള ആൾ എങ്ങനെ പെരുമാറുമെന്ന് അദ്ദേഹം തുടർന്നെഴുതുന്നു. 'തനിക്ക് വശമില്ലാത്ത ഭാഷകൾ സംസാരിക്കുക, ഭൂതകാലകാര്യങ്ങൾ പറയുക, പ്രത്യേക ചേഷ്ടകൾ കാണി ക്കുക, രൗദ്രമായി പെരുമാറുക എന്നു തുടങ്ങി പല അൽഭുത പ്രതിഭാസങ്ങളും ഈ ഖരീൻ മൂലം ഉണ്ടാകാം." (ശബാബ് - 2001 ഡിസംബർ 14).

അപ്പോൾ, പിശാച് ഭ്രാന്ത് (ഉന്മാദം) ഉണ്ടാക്കുമെന്നും മലയാളിക്ക് ശൈത്വാൻ കൂടിയാൽ ഇംഗ്ളീഷും തമിഴു മൊക്കെ പുലമ്പുമെന്നും കഴിഞ്ഞകാല കാര്യങ്ങൾ വിളിച്ചു പറയുമെന്നും ഇവർ പറയുന്നു! ഇനി ഇപ്രകാരം സംഭവിച്ചാൽ അതിനുള്ള ചികിത്സ എന്താണെന്ന് മടവൂരികളോട് ചോദിക്കുക. ഭൗതികകാരണങ്ങളാൽ ഉണ്ടാകുന്ന ഭ്രാന്തോ, അപസ്മാരമോ ആണെങ്കിൽ ഡോക്ടറെ കാണിച്ചാൽ മതി. പക്ഷെ, പിശാച് ഉണ്ടാക്കുന്ന ഭ്രാന്തിന് എന്താണ് മറുമരുന്നെന്ന് ഈ ലേഖനത്തിൽ തന്നെ സൂചനയുണ്ട്. അതിപ്രകാരമാണ്. "വിശുദ്ധ ക്വുർആനിലെ നൂറ്റിപ്പതിമൂന്നും നൂറ്റിപ്പതിനാലും അധ്യായങ്ങൾ ഇതിൽ നിന്നുള്ള രക്ഷയുടേയും മോചനത്തിൻറയും സന്ദേശം നൽകുന്നു." (ശബാബ്, അതേ ലക്കം.) അതായത് സൂറത്തുൽ ഫലക്വും, സൂറത്തുന്നാസുമാണ് ഇതിൽനിന്നുള്ള മോചനമാർഗം. ഇതുകൊണ്ടെങ്ങിനെയാണ് മോചനം കിട്ടുക? സമനില തെറ്റിയ ഭ്രാന്തൻ ഏതായാലും സ്വയം ഓതുകയില്ല. അപ്പോൾ ബന്ധപ്പെട്ടവരാരെങ്കിലും ഓതിക്കൊടുത്താൽ മതിയോ?........ എല്ലാം മടവൂരികളോട് ചോദിക്കുക.

പിശാച്ബാധയുണ്ടെന്ന കാര്യം പിളർപ്പൻമാരുടെ ആചാര്യൻ സി.പി.ഉമർസുല്ലമിയും സമ്മതിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നു. "എല്ലാമറിയുന്ന, എല്ലാം കേൾക്കുന്ന അല്ലാഹുവിനോട് ആട്ടിയകറ്റപ്പെട്ട പിശാചിൽ നിന്നും അവൻെറ ബാധയിൽ നിന്നും അവൻെറ ദുർബോധനത്തിൽ നിന്നും അവൻെറ ദുർമന്ത്രണത്തിൽ നിന്നും ഞാൻ കാവൽ തേടുന്നു." (പ്രാർത്ഥനകൾ നിത്യജീവിതത്തിൽ പേജ് 22,23). അതേ പുസ്തകത്തിലെ മറ്റൊരു പ്രാർത്ഥനയിൽ "......പിശാചുക്കളുടെ ബാധകളിൽ നിന്നും അവരുടെ സാന്നിദ്ധ്യത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു." (പേജ് 16).

അപ്പോൾ പിശാചിൻെറ ദുർബോധനം പോലെതന്നെ കാവൽ തേടേണ്ട വിപത്താണ് 'പിശാച്ബാധ' എന്ന് സുല്ലമി സമ്മതിക്കുന്നു. പിശാച് ബാധിച്ചവൻെറ ലക്ഷണങ്ങൾ സി.എം.മൗലവി എഴുതിയത് നാം വായിച്ചു. ഇനി ബാധ ഒഴിവാക്കാൻ എന്തു ചെയ്യണമെന്നു കൂടി സി.പി. വ്യക്തമാക്കിയാൽ മതി.

ആരോപണം(2):- ജിന്നുകൾക്കും ശൈത്വാൻമാർക്കും മനുഷ്യനെ അഭൗതികമായി സഹായിക്കാനും ഉപദ്രവിക്കാനും കഴിയും എന്ന് കെ.എൻ. എമ്മുകാർ പ്രചരിപ്പിക്കുന്നു.

മറുപടി :- ഈ ആരോപണം അൽപം വിശദീകരിക്കേണ്ടതുണ്ട്. അഭൗതികമായ മാർഗ്ഗത്തിൽ / മറഞ്ഞമാർഗ്ഗത്തിൽ മനുഷ്യനെ സഹായിക്കാനും ഉപദ്രവിക്കാനും അല്ലാഹുവിന് മാത്രമേ കഴിയൂ എന്നും അല്ലാഹുവിന് പുറമെ വല്ല സൃഷ്ടിക്കും അപ്രകാരം സാധിക്കുമെന്ന് വിശ്വസിച്ചാൽ അല്ലാഹുവിൻെറ കഴിവിൽ ആ സൃഷ്ടിയെ പങ്കുചേർക്കലാകും, അഥവാ ശിർക്കാകും എന്നല്ലേ നാം ഇത്രയും കാലം പഠിപ്പിച്ചത്. എന്നിരിക്കെ ജിന്നും ശൈത്വാനും അഭൗതികമായി സഹായിക്കുമെന്ന കെ.എൻ.എമ്മുകാരുടെ വിശ്വാസം ശിർക്കല്ലേ? ഇതാണ് പ്രസ്തുത ആരോപണത്തിലൂടെ മടവൂരികൾ പ്രചരിപ്പിക്കുന്നത്.

യഥാർത്ഥത്തിൽ മടവൂരികളുടെ അജ്ഞതയുടെ വ്യക്തമായ തെളിവാണ് ഈ ആരോപണം. മറഞ്ഞമാർഗ്ഗം (അഭൗതികമാർഗ്ഗം) എന്നതിൻെറ ഉദ്ദേശ്യം ഈ സുല്ലമിക്കും ഗ്രൂപ്പ്ഭ്രാന്തൻമാർക്കും മനസ്സിലായിട്ടില്ല. മറഞ്ഞമാർഗ്ഗം എന്നാൽ നമ്മുടെ കണ്ണുകൊണ്ട് നേരിൽകാണാത്ത മാർഗ്ഗം എന്നല്ല, കാര്യകാരണ ബന്ധങ്ങൾക്കപ്പുറത്തുള്ള കാര്യം എന്നാണർത്ഥം.

ജിന്നുകൾ/പിശാചുക്കൾ നമ്മെ ഉപദ്രവിക്കുന്നത് കാര്യകാരണ ബന്ധത്തിനപ്പുറത്തുള്ള മാർഗ്ഗത്തിലൂടെയല്ല. ജിന്നുകളുടെ കഴിവുകളും ഉപദ്രവരീതികളും നമ്മുടെ ദൃഷ്ടിക്ക് ഗോചരമല്ലാത്തതുകൊണ്ട് മാത്രം അതിനെ മേൽപറഞ്ഞ അർത്ഥത്തിൽ അഭൗതികം എന്നു വിളിച്ചുകൂടാ. അതല്ല, കേവലം കണ്ണിൽകാണാത്ത മാർഗ്ഗം എന്നാണ് അർത്ഥമെങ്കിൽ പിശാച് നമ്മുടെ മനസ്സിൽ ദുർമന്ത്രണം നടത്തി വഴിതെറ്റിക്കുന്നതും പ്രത്യക്ഷ മാർഗ്ഗത്തിലൂടെ അല്ലല്ലോ. "തീർച്ചയായും അവനും (പിശാചും) അവൻെറ ഗോത്രക്കാരും നിങ്ങളെ കാണുന്നു. നിങ്ങൾക്കവനെ കാണാൻ കഴിയാത്തവിധം" എന്ന് ക്വുർആനിൽതന്നെ കാണാം. ശാരീരിക ഉപദ്രവത്തേക്കാൾ എത്രയോ ദ്രോഹകരമാണല്ലോ 'വസ്വാസ്' അഥവാ മനസിൽ ദുർമന്ത്രണം നടത്തൽ. ഇത്തരത്തിൽ പിശാച് മനുഷ്യനെ ദ്രോഹിക്കുമെന്ന് മുസ്‌ലിംകളെല്ലാം വിശ്വസിക്കുന്നുമുണ്ട്. അപ്പോൾ മുസ്‌ലിംങ്ങളെല്ലാം ശിർക്കൻ വിശ്വാസക്കാരായോ മടവൂരികളേ? അതുപോലെതന്നെ മലക്കുകൾ നാം കാണാത്ത മാർഗ്ഗത്തിലൂടെ നമ്മെ സഹായിക്കുകയും നമുക്ക് നല്ല പ്രചോദനം നൽകുകയും ചെയ്യുമെന്ന് പ്രമാണങ്ങൾ കൊണ്ട് സ്ഥിരപ്പെട്ടതാണ്. മുസ്‌ലിംകൾ അപ്രകാരം വിശ്വസിക്കുന്നുമുണ്ട്. 'മറഞ്ഞമാർഗത്തിലൂടെ സഹായിക്കാൻ അല്ലാഹുവിനല്ലാതെ കഴിയില്ല" എന്ന വിശ്വാസത്തിന് ഇതും എതിരല്ലേ. അപ്പോൾ മലക്കുകളിൽ വിശ്വസിക്കുന്നതും ശിർക്കൻ വിശ്വാസമാകുമോ? മടവൂരികളുടെ തൗഹീദ് വല്ലാത്ത തൗഹീദ് തന്നെ!

അതുപോലെത്തന്നെ ജിന്നുകൾ അവൻെറ സേവകരും അനുയായികളുമായ ജോത്സ്യൻമാരേയും മന്ത്രവാദി കളേയും കണക്കുനോട്ടക്കാരേയും ആൾദൈവങ്ങളേയും പലനിലക്കും സഹായിക്കുന്നുണ്ട്. ജനങ്ങളെ ശിർക്കിലേക്കും കുഫ്റിലേക്കും നയിക്കാൻ അവർക്കത് പലനിലക്കും സഹായകവുമാണ്. ഇക്കാര്യം പലപ്പോഴായി ശബാബിൽ എഴുതിയിട്ടുണ്ട്. കുത്ത്റാത്തീബിലും മറ്റും ആയുധങ്ങളും ശൂലങ്ങളും നാക്കിലും ചുണ്ടിലും കുത്തിക്കയറ്റുന്നവരെക്കുറിച്ചുള്ള ഒരു ചോദ്യത്തിൻെറ മറുപടിയിൽ ശബാബിൽ ഇപ്രകാരം കാണാം:

"നാക്കിലും ചുണ്ടിലും ശൂലം കുത്തിക്കയറ്റുന്നത് മരവിപ്പിച്ചതിന് ശേഷമോ വേദന സഹിക്കാൻ ദീർഘകാലമായി പരിശീലിപ്പിച്ചതിന് ശേഷമോ ആകാം. ജനങ്ങളെ മിഥ്യാധാരണകളിൽ തളച്ചിടണമെന്ന് നിർബന്ധമുള്ള പിശാചി ൻെറ കുതന്ത്രങ്ങളും ഇതിൻെറയൊക്കെ പിന്നിലുണ്ടാകാം." (ശബാബ് -2000, ഒക്ടോബർ 27). അപ്പോൾ ബഹു ദൈവ കേന്ദ്രങ്ങളിലെ വെളിച്ചപ്പാടുകൾ, ദേവിമാർ, ബാബമാർ... തുടങ്ങിയവരൊക്കെ പിശാച് സഹായിക്കു ന്നുണ്ട്. ഇനി പറയൂ പിളർപ്പൻമാരേ...... ഇതെഴുതിയ ചെറിയമുണ്ടം മദനി ശിർക്കൻ വിശ്വാസക്കാരനാണോ?

ആരോപണം (3):- വർഷങ്ങൾക്ക് മുമ്പ് വിഗ്രഹം പാൽകുടിച്ച വാർത്ത പരന്നിരുന്നു. ആ സംഭവം ശരിയാണ്. അത് ജിന്നിൻെറ പ്രവർത്തനമാണ്."

മറുപടി:- തലശ്ശേരിയിൽ ജിന്ന്, സിഹ്റ് വിഷയത്തിൽ ഈ സുല്ലമി പ്രസംഗിച്ചപ്പോൾ പ്രസംഗശേഷം സംശയം ചോദിക്കാൻ സ്റ്റേജിൽ കയറിയ ഒരു മാഹിയിലെ ഒരു പ്രവർത്തകൻ പലതും ചോദിച്ച കൂട്ടത്തിൽ വിഗ്രഹം പാൽകുടിച്ചതും ശൈത്വാൻെറ പ്രവർത്തനമാകാൻ സാധ്യതയില്ലേ എന്ന് സുല്ലമിയോട് മൈക്കിൽ ചോദിച്ച തിനേയാണ് ഇവർ കെ.എൻ.എമ്മിൻെറ വാദമായി വെച്ചു കെട്ടുന്നത്? കമ്പ്യൂട്ടർ പ്രോഗ്രാമറായും അക്കൗണ്ട ൻറായും വിദേശത്ത് ജോലി ചെയ്യുന്ന ഈ വ്യക്തി തലശ്ശേരി മുജാഹിദ് പള്ളിയിലെ ഇമാമാണെന്ന് കളവ് പറഞ്ഞാണ് സുല്ലമി ജിന്നുകാസറ്റിൽ പരിചയപ്പെടുത്തുന്നത്! ശിർക്കൻ കേന്ദ്രങ്ങളിൽ ദിവ്യത്വം 'തെളിയിക്കാൻ' ശൈത്വാൻ അങ്ങനേയും ചെയ്തുകൂടേ? എന്ന സംശയം സത്യമാകാമെന്ന് ശബാബ് തന്നെ സൂചിപ്പിക്കുന്നത് നോക്കൂ. "......ദിവ്യാത്ഭുതങ്ങളെന്ന് പറഞ്ഞ് ചിലതൊക്കെ കാണിക്കുകയും ദൈവിക കഴിവുകൾ അവകാശ പ്പെടുകയും ചെയ്യുന്ന ആർക്കും ദിവ്യത്വത്തിൻെറ യാതൊരു അവകാശവുമില്ലെന്നും മനുഷ്യപ്രകൃതിക്ക് അതീത മായി വല്ലതും കണ്ടാൽപോലും അത് പിശാചിൻെറ പിന്തുണയോടെ സംഭവിക്കുന്നതാകാനേ സാധ്യതയു ള്ളുവെന്നുമാണ് 'മുസ്‌ലിം' എഴുതിയത്. പിശാചിന് എന്തും ചെയ്യാൻ കഴിവുണ്ടെന്ന് സമർത്ഥിക്കാൻ മുസ്‌ലിം ഉദ്ദേശിച്ചിട്ടില്ല. അങ്ങനെ ആരെങ്കിലും ധരിക്കാൻ ഇടയായിട്ടുണ്ടെങ്കിൽ ഖേദിക്കുന്നു." (ശബാബ് 2000 ഡിസംബർ 15). വായനക്കാർ മനസ്സിരുത്തി വായിക്കേണ്ട ഒരു ഭാഗമാണ് മേൽ എഴുതിയത്. പരിമിതമാണെങ്കിലും മനുഷ്യനില്ലാത്ത പല കഴിവുകളും പിശാചിന് അല്ലാഹു നൽകിയിട്ടുണ്ടെന്നും ആ കഴിവുകൾ നമ്മുടെ പ്രകൃതി

വ്യവസ്ഥക്ക് അതീതമാണെന്നും മനുഷ്യരെ ശിർക്കിലേക്ക് നയിക്കാൻ അവൻ തന്റെ മുഴുവൻ കഴിവുകളും ഉപയോഗിക്കുമെന്നും ഇതേ ചോദ്യോത്തരത്തിൽ ശബാബ് പറയുന്നുണ്ട്. ഇനിയും ശബാബ് തന്നെ പറയട്ടെ: "ആരെങ്കിലും കടലിന് മുകളിലൂടെ നടന്നുകാണിച്ചാലും വായുവിലൂടെ കൈകൾ തുഴഞ്ഞുനീന്തിയാലും പിശാച് അവനെ താങ്ങിക്കൊണ്ട്പോവുകയായിരിക്കുമെന്ന് കരുതുകയല്ലാതെ അവന് ദിവ്യത്വം കൽപിക്കാൻ ഇസ്‌ലാമിൽ വകുപ്പില്ല." (ശബാബ് 2000 ഒക്ടോബർ 27). വിഗ്രഹം പാൽകുടിച്ചുവെന്ന് വരുത്തിത്തീർക്കുന്നതിനേക്കാൾ എത്രയോ വലതല്ലേ ഈ പറഞ്ഞത്? മനുഷ്യരെ വഴിതെറ്റിക്കുന്ന മനുഷ്യപിശാചുക്കളെ വായുവിലൂടെ പറക്കാനും വെള്ളത്തിനു മീതെ നടക്കാനും ജിന്നുപിശാച് സഹായിക്കുമെന്നും അതൊന്നും 'കറാമത്തായി' തെറ്റിദ്ധരിച്ച് അയാളിൽ ദിവ്യത്വം ആരോപിക്കാവതല്ലെന്നുമുള്ള ഈ ഉദ്ധരണി മനുഷ്യരെ പിശാച് നാം കാണാത്ത മാർഗ്ഗത്തിൽ വിചിത്രരൂപത്തിൽ സഹായിക്കുമെന്ന് വ്യക്തമാക്കിയിരിക്കുകയാണ്. ഇനി പറയൂ മടവൂരികളേ...... ശബാബ് ഇതിലൂടെ അന്ധവിശ്വാസം പ്രചരിപ്പിക്കുകയാണോ? ബിംബം പാൽകുടിച്ചു എന്ന വാർത്തക്ക് പിന്നിൽ പിശാചിന്റെ കുതന്ത്രത്തിന്റെ സാധ്യതയും ഉണ്ടായിക്കൂടെ? എന്ന് ഒരാൾ ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ സംശയിച്ചാൽ അയാളെ അന്ധവിശ്വാസിയായി മുദ്ര കുത്താമോ?

ഇനി മറ്റൊരു പിളർപ്പൻ എഴുതിയത് കൂടി ഇതിനോട് ഇവർ ചേർത്ത് വായിക്കട്ടെ. "ജിന്നുകൾക്ക് അഭൗതികമായ കഴിവുകളുണ്ടെന്ന് വിശ്വസിച്ചാൽ മുശ്‌രിക്കാകുമെന്ന് മുസ്‌ലിംകളാരും വിശ്വസിക്കുന്നില്ല. ജിന്നുകളുടേയോ മലക്കുകളുടേയോ പ്രവാചകൻമാരുടേയോ ഔലിയാക്കളുടേയോ കഴിവുകൾ അംഗീകരിച്ചാൽ മുശ്‌രിക്കാകുമെന്ന് മുജാഹിദുകൾക്കും വാദമില്ല. (കോയക്കുട്ടി ഫാറൂഖി, ശബാബ് 2003 ജൂൺ 20). എടവണ്ണ സുല്ലമിയും കൂട്ടരും മുസ്‌ലിംകളല്ലെന്ന് വിളിച്ചു പറയുന്ന ഈ വരികൾക്കെല്ലാം പിളർപ്പൻമാർ മറുപടി പറയട്ടെ. എന്നിട്ടു മതി കെ.എൻ.എമ്മുകാരെ കുതിര കയറാൻ.

ആരോപണം (4) :- "നമുക്കെതിരെ മറ്റുള്ളവർ സിഹ്ർ ചെയ്താൽ സിഹ്ർ നമുക്ക് ബാധിക്കും. സിഹ്റ്കൊണ്ട് ഉപദ്രവമേൽപിക്കാൻ കഴിയും. നബി(സ്വ) സിഹ്റ് ബാധിച്ചിട്ടുണ്ട്."

മറുപടി:- കെ.എൻ.എമ്മുകാർ എന്തോ തെറ്റായ വാദം പുതുതായി അവതരിപ്പിച്ച ഭാവത്തിലാണ് നോട്ടീസുകാരനും സുല്ലമിയും ഈ ആരോപണം എഴുന്നള്ളിക്കുന്നത്. ഇത്രയും കാലം സിഹ്ർ ബാധിക്കില്ലെന്നാണ് മുജാഹിദുകൾ വിശ്വസിച്ചതെന്നും ഇപ്പോൾ പുതുതായി സിഹ്ർ ഫലിക്കുമെന്ന് കെ.എൻ.എമ്മുകാർ നൂതനവാദം കൊണ്ടുവരികയാണെന്നും സാധാരണക്കാരെ ധരിപ്പിക്കാനാണ് മടവൂരികളുടെ ശ്രമം. പക്ഷെ, അമാനി മൗലവിയും അലവി മൗലവിയും ചേർന്നെഴുതിയതും കെ.എം. മൗലവി പരിശോധിച്ചതും കെ.എൻ.എം. പ്രസിദ്ധീകരിച്ചതുമായ ക്വുർആൻ പരിഭാഷയിൽ 1960-കളിൽ തന്നെ സിഹ്ർ ഫലിക്കുമെന്നും ഫലിക്കില്ലെന്ന വാദം അഹ്‌ലുസ്സുന്നയുടെ മാർഗ്ഗത്തിൽ നിന്നും പുറത്തുപോയ മുഅ്തസിലുകളുടേതാണെന്നും തീർത്ത് പറഞ്ഞിട്ടുണ്ട്. വിശുദ്ധ ക്വുർആനിലെ നൂറ്റിപ്പതിമൂന്നാം അധ്യായ(സൂറ:അൽ-ഫലക്വ്)ത്തിലെ നാലാം വചനത്തിന്റെ വിശദീകരണം നോക്കുക. അതു പോലെ അൽബഖറ 102-ന്റെ വ്യഖ്യാനവും.)

നബി(സ്വ)ക്ക് സിഹ്റ് ബാധിച്ചുവെന്നത് അന്ധവിശ്വാസമാണെന്നാണ് നോട്ടീസുകാരുടെ കണ്ടെത്തൽ! എന്നാൽ ഇവർ തന്നെ നടത്തുന്ന ശബാബ് ഈയടുത്തകാലത്ത് എഴുതിയത് നോക്കൂ.

"നബി(സ്വ)ക്ക് എതിരിൽ ഒരു കപടൻ മാരണം ചെയ്തതിനാൽ തിരുമേനിക്ക് യാഥാർത്ഥ്യവിരുദ്ധമായ ചില തോന്നലുകൾ ഉണ്ടായെന്ന് സ്വഹീഹുൽ ബുഖാരിയിൽ (ഹദീസ് നമ്പർ 5763, 5766) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന് വേദന അനുഭവപ്പെട്ടുവെന്നും ആ റിപ്പോർട്ടിൽ സൂചനയുണ്ട്." (ശബാബ് 2004 മെയ് 28).

വീണ്ടും ശബാബ് എഴുതി: "നബി(സ)യിൽ നിന്ന് വിശ്വസ്തരായ റിപ്പോർട്ടർമാരുടെ പരമ്പരയിലൂടെ ഉദ്ധരിക്കപ്പെട്ട ഹദീസിൽ തെറ്റുസംഭവിക്കാൻ വളരെ വിദൂരമായ സാധ്യതമാത്രമേയുള്ളു. സിഹ്റ് സംബന്ധിച്ച ഹദീസിന്റെ നിവേദകപരമ്പരയിൽ ആക്ഷേപിക്കപ്പെട്ട വ്യക്തിതൾ ആരെങ്കിലും ഉള്ളതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. ഒരു ഹദീസ് വിശ്വസ്തർ മുഖേനയാണ് ഉദ്ധരിക്കപ്പെട്ടതെങ്കിൽ അതിന്റെ ഉള്ളടക്കം നമുക്ക് വ്യക്തമായി ബോധ്യപ്പെടാത്തതിന്റെ പേരിൽ അതിനെ തള്ളിപ്പറയുന്നത് നമുക്ക് ദോഷകരമാവാൻ സാധ്യതയുണ്ട്. നബി(സ്വ) യഥാർത്ഥത്തിൽ പറഞ്ഞതോ ചെയ്തതോ അവിടുത്തെ ജീവിതത്തിൽ സംഭവിച്ചതോ ആയ ഒരു കാര്യത്തെ നാം തള്ളിപ്പറയാൻ ഇടയാകുന്നത് ഗൗരവമുള്ള വിഷയമാണല്ലോ." (ശബാബ് 2005 ജനുവരി 21).

ഇനി ജിന്ന് കാസറ്റുമായി ഊരുതെണ്ടുന്ന വി.സി.കൾ പറയൂ നബി(സ്വ)ക്ക് സിഹ്റ് ബാധിച്ചുവെന്ന ഹദീസിലൂടെ നബി(സ്വ) ദുർബലവിശ്വാസിയാണെന്നാണോ നിങ്ങൾ പറയുന്നത്. സിഹ്റിൽ വിശ്വസിക്കുന്നവർക്ക് അത് ഫലിക്കുമെന്ന് നിങ്ങളുടെ സി.ഡി.യിലെ ചോദ്യോത്തരസമയത്ത് സുല്ലമിതന്നെ പറയുന്നുണ്ടല്ലോ. അപ്പോൾ നബി(സ്വ) സിഹ്റിൽ വിശ്വസിച്ച ആളാണോ? നബി(സ്വ)ക്ക് സിഹ്റ് ബാധിച്ചുവെന്ന ഹദീസ് പ്രബലമാണെന്ന് ശബാബ് പറയുന്നു. എന്നാൽ ബുഖാരിയിലെ പ്രസ്തുത ഹദീസ് വാറോലയാണെന്ന് എടവണ്ണ സുല്ലമിയും! മടവൂരികളേ, നിങ്ങൾ ഏതിന്റെ പിന്നിലാണ്? ഇത് രണ്ടുമല്ലാത്ത മറ്റൊരഭിപ്രായം നിങ്ങളുടെ പണ്ഡിത സഭക്കുണ്ടോ?

ഇനി ഏതാനും മാസംമുമ്പ് ശബാബ് തന്നെ എഴുതിയ മറ്റൊരു സിഹ്റ് വിശേഷം കൂടി വായിക്കുക. "മുറിക്കപ്പെട്ട നഖവും മുടിയും കുഴിച്ചു മൂടണമെന്ന് പ്രവാചകൻ കൽപിച്ചു" വെന്ന ബൈഹഖിയുടെ റിപ്പോർട്ടനുസരിച്ച് അപ്രകാരം ചെയ്യുന്നത് ഏറെ ഗുണകരം തന്നെയാണ്. ആഭിചാരവൃത്തിക്കാർ അത് ദുരുപയോഗം ചെയ്യുമെന്ന് നബി(സ്വ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്." (കോയക്കുട്ടി ഫാറൂഖി-ശബാബ് 2006 ജൂലൈ 28). മുജാഹിദുകൾ സിഹ്റിനെ പേടിക്കേണ്ടതില്ലെങ്കിൽ പിന്നെ എന്തിനാണ് നഖവും മുടിയും കുഴിച്ചുമൂടുന്നത്? മന്ത്രവാദികൾ (ആഭിചാരവൃത്തിക്കാർ) നമുക്കെതിരിൽ സിഹ്റ് ചെയ്യാൻ ഇവയെ ദുരുപയോഗം ചെയ്യുമെന്ന് റസൂൽ മുന്നറിയിപ്പ് നൽകിയത് സത്യമാണെങ്കിൽ സിഹ്റിനെ നാം പേടിക്കണമെന്നതിന് ഇതിൽപരം തെളിവ് വേണോ. മടവൂരികളേ......നിങ്ങളുടെ പണ്ഡിതസമിതിയിൽ ആദ്യം ഒരു സംവാദം നടക്കട്ടെ. ജിന്നും പിശാചും സിഹ്റുമൊക്കെ നിങ്ങളൊന്ന് തീരുമാനിക്കൂ. എന്നിട്ടുമതി മറ്റുള്ളവരുടെ മേൽ അന്ധവിശ്വാസത്തിന്റെ ചാപ്പകുത്തൽ.

ആരോപണം (5):- “ജിന്നുകൾ പാമ്പിൻെറയും ശൈത്വാൻ നായയുടേയും രൂപത്തിൽ കോലം മാറി വരും. അതിനാൽ പാമ്പിനെ കണ്ടാൽ ‘പാമ്പേ പോ, പാമ്പേ പോ’ എന്ന് നല്ല നിലയിൽ പറയണം. കൊല്ലുവാനോ ഉപദ്രവിക്കാനോ പാടില്ല”.

മറുപടി:- എവിടെയെങ്കിലും കെ.എൻ.എമ്മുകാർ ഇപ്രകാരം എഴുതിയിട്ടില്ല. ചിലരുടെ പ്രസംഗത്തിൽ വന്നതാകട്ടെ ഹദീസുകളിൽ സ്ഥിരപ്പെട്ടതുമാണ്. ശബാബ് തന്നെ പറഞ്ഞതു നോക്കൂ: “ജിന്നുകളുടെ അസ്ഥിത്വ സ്വഭാവമനുസരിച്ച് അവയെ മൂന്നായി തരം തിരിക്കാവുന്നതാണ്. നബി(സ്വ) പറഞ്ഞു, മൂന്നു തരം ജിന്നുകളുണ്ട്. ഒരു തരം സദാ ആകാശത്ത് വിഹരിക്കുന്നവരാണ്. പാമ്പുകളായും നായ്ക്കളായും കഴിയുന്നവയുമുണ്ട്. മൂന്നാമത്തെ തരം ഭൂമിയിൽ ഒരു സ്ഥലത്ത് താമസിക്കുകയോ ചുറ്റി നടക്കുകയോ ചെയ്യുന്നവരാണ്.(അത്തബ്‌രി, അൽഹാകിം). വിശ്വാസപരമായി ജിന്നുകൾ രണ്ടു തരമേയുള്ളൂ. മുസ്‌ലിംകളും (വിശ്വാസികളും), കാഫിറുകളും (അവിശ്വാസികളും).” (ശബാബ് 99 മെയ് 21). ഈ വിവർത്തനലേഖനം എഴുതിയത് ഇന്നും മടവൂരി പക്ഷത്തുള്ള എം.ഐ.തങ്ങളാണ്. ജിന്നുകളെന്നാൽ ബാക്ടീരിയയും വൈറസുമാണെന്നാണല്ലോ സുല്ലമിയുടെ പുതിയ ഗവേഷണം. അപ്പോൾ കാഫിർ ബാക്ടീരിയ, മുസ്‌ലിം ബാക്ടീരിയ എന്നായി വിഘടിത ഭാഷ്യം. ജിന്നുകൾ മൂന്നു തരമുണ്ടെന്ന ഈ ഹദീസ് ഒരു വാറോലയാണെന്നാണ് സുല്ലമിയുടെ കാസറ്റിലുള്ളത്. എന്നാൽ ശൈഖ് അൽബാനി പോലും സ്വഹീഹാണെന്ന് (സ്വഹീഹുൽ ജാമിഅ്) പറഞ്ഞ ഈ ഹദീസ് യാതൊരു ആക്ഷേപവും പറയാതെ ശബാബ് ഉദ്ധരിച്ചത് നാം മുകളിൽ വായിച്ചു. ഇതിൽ ഏതു വാദമാണ് സത്യമെന്ന് വി.സി. കുട്ടികൾ പറയട്ടെ!. ഇനി നമുക്ക് വീട്ടിലെ പാമ്പിനെ കൊല്ലുന്നതിനെ കുറിച്ചുള്ള ആരോപണം പരിശോധിക്കാം.

മദീനയിൽ നബി(സ്വ)യുടെ കാലത്ത് ഏതാനും ജിന്നുകൾ ഇസ്‌ലാം സ്വീകരിച്ചു. അവർ പാമ്പ് രൂപത്തിൽ നിങ്ങളുടെ വീട്ടിൽ വരുമെന്നും അതിനാൽ വീട്ടിനകത്ത് കാണപ്പെടുന്ന (അസാധാരണയിനം) പാമ്പുകളെ നിങ്ങൾ കൊല്ലാതെ മൂന്നുദിവസം (ഒരു റിപ്പോർട്ടിൽ മൂന്നു തവണ) ‘ഉപദ്രവിക്കാതെ വീട് വിട്ട് പോകണമെന്ന്’ താക്കീത് ചെയ്യണമെന്നും എന്നിട്ടും പോയില്ലെങ്കിൽ കൊല്ലണമെന്നും നബി(സ) അന്ന് സ്വഹാബികളോട് പറഞ്ഞതായി ഇമാം മുസ്‌ലിം തൻെറ സ്വഹീഹിൽ ഉദ്ധരിച്ചിട്ടുണ്ട്. ഇത് അന്നത്തെ ആ പ്രത്യേക സന്ദർഭത്തിന് മാത്രം ബാധകമായതാണ്. അഥവാ ഇന്ന് ബാധകമല്ല എന്നാണ് ‘ശർഹു മുസ്‌ലിം’ എന്ന ഗ്രന്ഥത്തിൽ നവവി(റ) പറഞ്ഞിട്ടുള്ളത്. എങ്കിലും ഇങ്ങനെ ഒരു ഹദീസ് ഉണ്ടോ എന്ന് പ്രസംഗശേഷം ചോദിച്ചവരോട് പ്രസംഗശേഷം ഒരാൾ അതെ എന്ന് പറഞ്ഞതാണ് സുല്ലമി കെ.എൻ.എമ്മിൻെറ വാദം ഇതാണെന്ന് സ്ഥാപിക്കാൻ തെളിവാക്കിയിരിക്കുന്നത്.! വല്ലാത്തൊരു ദുർവ്യാഖ്യാനം തന്നെ! വിഷമുള്ളതെന്ന് ബോധ്യമുള്ളതും പ്രത്യേക വരയും കുറിയുമായി നമുക്ക് പരിചയപ്പെട്ടതുമായ പാമ്പുകളെ എവിടെ വെച്ചും കൊല്ലണമെന്ന ഹദീസ് ഉയർത്തിക്കാട്ടി സുല്ലമി ഈ ഹദീസിനെ ക്രൂരമായി പരിഹസിക്കുന്നുണ്ട്. സുല്ലമീ……അതിലൊന്നം ആർക്കും തർക്കമില്ല. പക്ഷെ ഇത്കൊണ്ട് മദീനയിൽ അന്നുണ്ടായ ഒരു സംഭവത്തിൽ ജിന്നുകൾ പാമ്പുരൂപത്തിൽ വീട്ടിൽ വരുമെന്ന് നബി(സ്വ) പറഞ്ഞത് മൂടി വെക്കേണ്ട ആവശ്യമെന്ത്? കെ.എൻ.എമ്മിന് മാത്രം ഇതിൽ ഒരു പ്രത്യേക വാദവും ഇല്ലതാനും. മാത്രമല്ല, എല്ലാ വീട്ടിലും എക്കാലത്തും ജിന്നുകൾ ഇപ്രകാരം പാമ്പായി വരാമെന്ന് നബി(സ്വ) ഖണ്ഡിതമായി വ്യക്തമാക്കാത്ത സ്ഥിതിക്ക് നവവി(റ) പറഞ്ഞതുതന്നെയാണ് ശരിയായ വ്യാഖ്യാനം. എന്നിട്ടും കെ.എൻ.എമ്മിനെ തോൽപിക്കാൻ ബഹുജന മധ്യത്തിൽ റസൂലിൻെറ ഹദീസുകളെ പുച്ഛിക്കുന്നവരും അത് പ്രചരിപ്പിക്കുന്നവരും അല്ലാഹുവിൻെറ ശിക്ഷയെ ഭയപ്പെടട്ടെ.

ആരോപണം (6):- കെ.എൻ.എം.കാര പ്രചരിപ്പിക്കുന്നതായി നോട്ടീസിലുള്ള മറ്റൊരു ദുരാരോപണം “ജിന്നുകൾ ചില സന്ദർഭത്തിൽ മനുഷ്യസ്ത്രീകളുമായി ലൈംഗികബന്ധം പുലർത്തും!! അതിനാൽ രാത്രി അധികം വൈകാതെ വീട്ടിലെത്തണം” എന്നതാണ്.

മറുപടി:- ജിന്നുകളെക്കുറിച്ചുള്ള പ്രസംഗത്തിൽ ജിന്നുകൾ മനുഷ്യരുമായി ലൈംഗികബന്ധം പുലർത്തുമെന്നുവരെ ഇമാം അബൂഹനീഫ, ഇബ്നുതൈമിയ പോലുള്ള ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടെന്ന് ഒരാൾ സൂചിപ്പിച്ചതിനെയാണ് കെ.എൻ.എമ്മിൻെറ മൊത്തം അഭിപ്രായമായി സുല്ലമി അവതരിപ്പിക്കുന്നത്! സുല്ലമി തന്നെ തൻെറ പ്രസംഗത്തിൽ ഉയർത്തിക്കാണിക്കുന്ന കെ.കെ.സക്കരിയ്യ സ്വലാഹിയുടെ (ഈ ലേഖകൻെറ) അബൂദാബി പ്രസംഗത്തിൽ ‘ജിന്നുകൾ മനുഷ്യരുമായി ലൈംഗികത പുലർത്തുന്നതിന് യാതൊരു തെളിവുമില്ലെന്നും അങ്ങനെ വന്നാൽ അവിഹിത ഗർഭം ധരിക്കുന്ന സ്ത്രീകൾ ഇത് ജിന്നിൽ നിന്നുണ്ടായതാണെന്ന് വാദിക്കാൻ ഇടവരുത്തുമെന്നും ഇമാം മാലിക്(റ) പറഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുമുണ്ട്. എന്നിട്ടും പക്ഷപാതിത്വത്തിൻെറ അന്ധത ബാധിച്ചവർ ഈ വിഷയം വലിച്ചിടുന്നത് കെ.എൻ.എമ്മിനെ വിമർശിക്കാൻ ഏത് കച്ചിത്തുരുമ്പും ഉപയോഗിക്കുക എന്ന നിലക്കാണ്. മാത്രമല്ല, ഭർഹാക്കൻമാർ നേരത്തെ വീട്ടിലെത്തണമെന്നൊന്നും ഒരു പ്രസംഗത്തിലും ആരും പറഞ്ഞിട്ടില്ല. അതെല്ലാം സുല്ലമിയുടെ സ്വതസിദ്ധമായ ദുഷ്ടബുദ്ധിയിൽ തെളിഞ്ഞ ചിത്രങ്ങൾ മാത്രമാണ്. ചോദിക്കട്ടെ സുല്ലമീ… ഭർത്താവ് വീട്ടിലെത്തിയാലും ഭർത്താവ് ഉറങ്ങുന്ന സമയത്ത് ഭാര്യയുമായി ജിന്നുകൾക്ക് ബന്ധപ്പെട്ടുകൂടേ? കൂടെക്കിടക്കുന്ന ഭർത്താവ് ഭാര്യയുമായി രമിക്കുന്ന ജിന്നിനെ കാണുമോ? ജിന്നുസ്ത്രീകളുമായി ഈ പ്രസംഗിക്കുന്ന മൗലവിമാർതന്നെ ബന്ധപ്പെടാറുണ്ടായിരിക്കാമെന്നും സുല്ലമി തട്ടിവിടു ന്നുണ്ട്. ലക്കും ലഗാനുമില്ലാതെ എന്തും നിർലജ്ജം വിളിച്ചുകൂവുന്ന ഈ ‘മുഹദ്ദിസി’ൻെറ വായയിൽ കൂടി ഇനി എന്തെല്ലാം കേരളക്കാർ കേൾക്കേണ്ടിവരുമെന്നാവോ? പാമരജനങ്ങളെ വിളിച്ചുകൂട്ടി പൊലിയാട്ട് (വ്യഭിചാരാരോപണം) പറയുന്ന ഈ സുല്ലമിയെ ഇസ്‌ലാമിക ഗവർമെൻറ് ഉണ്ടെങ്കിൽ ജനമധ്യത്തിലിട്ട് എൺപത് അടി അടിക്കുമായിരുന്നു. സുല്ലമിയുടെ വഷളത്തരങ്ങളെല്ലാം നോട്ടീസാക്കി കേരളമൊട്ടുക്കും പ്രചരിപ്പിക്കാൻ കാരണക്കാരനായ ഷംസുദ്ദീൻ പാലക്കോടെന്ന കെ.പി.എസ്.ഫാറൂഖിയാകട്ടെ ഗ്രൂപ്പിസത്തിൻെറ ലഹരിയിൽ ഇതെല്ലാം നിർലജ്ജം കടലാസിലേക്ക് ഛർദ്ദിക്കുകയും ചെയ്തു. രണ്ടും മടവൂർ ഗ്രൂപ്പിന് പറ്റിയ ‘മഹാപണ്ഡിതർ’ തന്നെ!. “നിനക്ക് ലജ്ജയില്ലെങ്കിൽ നീ ഉദ്ദേശിച്ചതെല്ലാം ചെയ്യുക” എന്ന നബിവചനം ഇവർ ഓർക്കുന്നുണ്ടോ?

ആരോപണം (7):- വീട്ടിലെ മേശയും കസേരയും മറ്റും നീക്കുമ്പോഴോ തേങ്ങയിടുമ്പോഴോ അതിന്നിടയിൽ ജിന്ന് കുടുങ്ങാൻ സാധ്യതയുണ്ട്. അങ്ങനെ ജിന്നിനെ അറിയാതെ ഉപദ്രവിച്ചാൽ ജിന്ന് പ്രതികാരം ചെയ്യും. എങ്കിൽ ആരേയും ഉപദ്രവിക്കാതെ ജീവിക്കാൻ ഉദ്ദേശിക്കുന്ന മുസ്‌ലിം എന്ത് ചെയ്യും ?

മറുപടി:- ഡോ:സുബൈറിൻെറ പ്രസംഗത്തിലെ രണ്ട് വാചകങ്ങൾ എടുത്തുദ്ധരിച്ചാണ് കെ.എൻ.എമ്മുകാർ ഇപ്രകാരം പ്രചരിപ്പിക്കുന്നുവെന്ന് സുല്ലമി വാദിക്കുന്നത്. ഇവർ വിവാദ പുരുഷനാക്കിയ ഡോക്ടറുടെ പ്രസംഗ സി.ഡികൾ ഇപ്പോൾ പ്രചരിപ്പിക്കുന്നത് ഇവർ തന്നെയാണ്. ആറു വർഷം മുമ്പ് 2000 മെയ് 21-ന് ആലപ്പുഴ

ജില്ലയിലെ പുന്നപ്ര സലഫി നഗറിൽ ഈ ഡോക്ടറെക്കൊണ്ട് 'മനുഷ്യനും ജിന്നും' എന്ന വിഷയം പ്രസംഗിപ്പിച്ചത് ഐ.എസ്.എം. ആലപ്പുഴ ജില്ലാ കമ്മിറ്റിയായിരുന്നു. സംഘടനാപിളർപ്പിനു ശേഷവും അന്നത്തെ ഐ.എസ്.എം.ജില്ലാ പ്രസിഡണ്ടും സെക്രട്ടറിയും മടവൂർ ഗ്രൂപ്പിൽ തന്നെയാണ്. ഈ പരിപാടിയുടെ നോട്ടീസിൻെറ കോപ്പി 2002-ൽ പ്രസിദ്ധീകരിച്ച "ജിന്നു സേവയും പിശാച് ബാധയും പിളർപ്പൻമാരുടെ സ്വന്തം കൃതികളിൽ" എന്ന പുസ്തകത്തിൽ കൊടുത്തിരുന്നു. മുസ്തഫ ഫാറൂഖി, സലാഹുദ്ദീൻ മദനി, സി.പി.ഉമർസുല്ലമി തുടങ്ങിയ പിളർപ്പൻ നേതാക്കളെല്ലാം ആ യോഗത്തിൽ പങ്കെടുത്തിട്ടുമുണ്ട്. അന്ന് ആലപ്പുഴയിൽ ജിന്നുകളെക്കുറിച്ച് പറഞ്ഞ അതേ വിഷയംതന്നെയാണ് ഡോക്ടർ പിന്നീടും പ്രസംഗിച്ചത്. എന്നിട്ടും പിളർപ്പൻമാർ ഇതെല്ലാം കെ.എൻ.എമ്മിൻെറ മേൽ വെച്ചുകെട്ടുന്നത് വിമർശിക്കാൻ വേറെ വിഷയങ്ങൾ ഇല്ലാത്തതുകൊണ്ടും ഗ്രൂപ്പിസത്തിനുവേണ്ടി എന്തും ചെയ്യാമെന്ന് ഇവർ വിചാരിക്കുന്നത് കൊണ്ടുമാണ്.

ജിന്നുകൾ എന്തുകൊണ്ടാണ് മനുഷ്യനെ ഉപദ്രവിക്കുന്നത് എന്ന കാര്യം ചർച്ച ചെയ്ത കൂട്ടത്തിൽ ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ പറഞ്ഞ വാചകങ്ങളാണ് ഡോക്ടർ ഉദ്ധരിച്ചത്. ജിന്നുബാധയേറ്റവരെ ചികിത്സിക്കുമ്പോൾ രോഗിയുടെ നാവിലൂടെ സംസാരിക്കുന്ന ജിന്നുകളിൽ നിന്നും മറ്റുമാണത്രെ ശൈഖുൽ ഇസ്ലാമിന് ഈ വിവരം ലഭിച്ചതെന്നും ചില ഗ്രന്ഥങ്ങളിൽ കാണാം. ഇബ്നുതൈമിയയുടെ ഈ അഭിപ്രായം തെളിവ് നിരത്തി സമർത്ഥിക്കാനോ അതിനെ നിഷേധിക്കാനോ കെ.എൻ.എമ്മിന് ബാധ്യതയില്ല. തെളിവും ന്യായവും നോക്കാതെ ആരുടെ വാക്കും സ്വീകരിക്കാൻ പാടില്ലെന്ന് കെ.എൻ.എം. എന്നും ജനങ്ങളെ ഉണർത്തുന്നുണ്ട്.

ഒരു വിശ്വാസിയായ മനുഷ്യൻ തനിക്ക് അവകാശപ്പെട്ട സ്ഥലത്ത് മേശ നീക്കുകയോ ചൂടുവെള്ളം ഒഴിക്കുകയോ തേങ്ങ വലിച്ചിടുകയോ മറ്റെന്തെങ്കിലും അനുവദനീയമായ കാര്യങ്ങൾ ചെയ്യുകയോ ആണെങ്കിൽ ഇതിലൂടെയൊക്കെ ജിന്നിന് പരിക്കേൽക്കുമോ എന്ന് ശ്രദ്ധിക്കണമെന്ന് അല്ലാഹുവോ റസൂലോ പഠിപ്പിച്ചിട്ടില്ല. അതിനാൽ ഡോക്ടർ കണ്ടെത്തിയ ശൈഖുൽ ഇസ്ലാമിൻെറ ഈ നിഗമനം നമുക്ക് ധൈര്യമായി തള്ളിക്കളയാം. ഇത്രയും പറഞ്ഞാൽ ഈ വിഷയം തീർന്നു. പക്ഷെ മടവൂരികളുടെ ലക്ഷ്യം ജനങ്ങൾക്ക് സത്യം വ്യക്തമാക്കിക്കൊടുക്കലല്ല. പ്രത്യുത, കുളംകലക്കി മീൻ പിടിക്കലാണ്. പക്ഷെ, ഈ കീറവലയിൽ ഇനി ബുദ്ധിയുള്ള ആരും കുടുങ്ങുകയില്ലെന്ന് വി.സി.കൾ ഓർക്കുന്നത് നന്ന്. മാളത്തിൽ മൂത്രം ഒഴിക്കരുതെന്നും അത് നിങ്ങളുടെ സഹോദരങ്ങളായ ജിന്നുകളുടെ വാസസ്ഥലമാണെന്നും റസൂൽ(സ്വ) പറഞ്ഞ ഹദീസിലൂടെ ജിന്നുകളെ ഉപദ്രവിക്കാതിരിക്കാൻ നാം ശ്രദ്ധിക്കണമെന്ന സന്ദേശം മൊത്തത്തിൽ നമുക്ക് നൽകുന്നുമുണ്ട്.

ആരോപണം (8):- "പിശാചിന് രൂപം മാറിവന്ന് മനുഷ്യനെ ഉപദ്രവിക്കാൻ കഴിയില്ല, അങ്ങനെയാണെങ്കിൽ ഈ ലോകത്തിൻെറ നിലതന്നെ അവതാളത്തിലാകുമെന്ന് 1986 ഫെബ്രുവരിയിൽ അൽമനാറിൽ എഴുതിയിട്ടുണ്ട്." അതു തെറ്റാണോ?

മറുപടി:- അൽമനാറിൽ വന്നുവെന്നത് ശരിയാണ്. പക്ഷെ എഴുതിയത് എ.പി.യോ ടി.പി.യോ അല്ല. മറിച്ച് സാക്ഷാൽ എടവണ്ണ അബ്ദുസ്സലാം മൗലവിയാണ്!!. കെ.പി.മുഹമ്മദ് മൗലവിയുള്ള കാലത്ത് കുറച്ച്കാലം അൽമനാറിൽ ചോദ്യോത്തരമെഴുതാൻ ഇയാളെ ഏൽപിച്ചിരുന്നു. ആ സന്ദർഭം മുതലെടുത്ത് ഇയാൾ തന്നെ അക്കാലത്ത് എഴുതിയ ലേഖനം ഇപ്പോൾ ഉയർത്തിപ്പിടിച്ച് ഇയാളും ഹുസൈൻ മടവൂരും കെ.എൻ.എമ്മിൻെറ ആദർശം അതാണെന്ന് ആരോപിക്കുന്നു.!! കുതന്ത്രക്കാരേ... പരലോകം പ്രസംഗിക്കാൻ മാത്രമുള്ളതല്ലെന്ന് ഓർക്കുന്നത് നന്ന്. ഇനി 'ജിന്നുകൾ രൂപം മാറുമോ' എന്ന തലക്കെട്ടിൽ ശബാബ് എഴുതിയത് കൂടി ഇതോടൊപ്പം വായിക്കുക. "ജിന്നുകൾക്ക് വിവിധരൂപങ്ങൾ പ്രാപിക്കാനും മനുഷ്യജീവിതത്തിൽ സ്വാധീനം ചെലുത്താനും കഴിയും. വിശിഷ്യാ വനത്തിലോ അന്ധകാരത്തിലോ ഏകാന്തതയിലോ അതല്ലെങ്കിൽ ജിന്നുമായി ബന്ധപ്പെടാവുന്ന മറ്റു അവസ്ഥകളിലോ ആയിരിക്കുമ്പോൾ."(ശബാബ് 91 ഡിസംബർ 13.)

ഈ 'ഫത്വ' പുറത്തുവിട്ടവർ അത് പിൻവലിക്കുകയോ തെറ്റാണെന്ന് പ്രഖ്യാപിക്കുകയോ ചെയ്യാതെ പതിനഞ്ചു വർഷം കടന്നുപോയി! ചുരുക്കത്തിൽ ഇതിനൊന്നും മറുപടി പറയേണ്ട ബാധ്യത കെ.എൻ.എമ്മിനില്ല. എല്ലാം ഈ സുല്ലമിയുടെ പേനയുണ്ടാക്കിയ ദ്രോഹംതന്നെയാണ്. അൽമനാറിൽ സുല്ലമി എഴുതിയതിന് തിരുത്ത് കൊടുക്കേണ്ടത് സുല്ലമി തന്നെയാണ്. സുല്ലമിയുടെ കാസറ്റിൽ ശബാബിലെ ചോദ്യോത്തരത്തിലും മറ്റും വരുന്നത് ലേഖകരുടെ സ്വന്തം അഭിപ്രായമായിരിക്കും, അതിനെതിരായി ശബാബിൽ തന്നെ വന്നിരിക്കുന്നു എന്നൊക്കെ ഗ്രൂപ്പിസത്തിൻെറ കൊടുംലഹരിയിൽ സുല്ലമി പുലമി പുലമ്പുന്നുണ്ട്. ബലേഭേഷ്! കൊടുത്ത ചോറിന് കൂറുള്ള അടിമ! അൽമനാറിൽ വരുന്നതൊക്കെ കെ.എൻ.എമ്മിൻെറ ഉറച്ച സംഘടനാ അഭിപ്രായം! എന്നാൽ ശബാബിൽ വരുന്നതൊക്കെ വ്യക്തിപരമായ സ്ഖലിതങ്ങളും!! സുല്ലമീ... ഇതൊക്കെ നിങ്ങളുടെ വാക്കിനെ ചങ്ക്തൊടാതെ വിഴുങ്ങുന്ന വി.സി.ക്കുട്ടികളുടെ പാളയത്തിൽ പറഞ്ഞാൽ മതി. ലൂത്ത് നബി(അ) ചോദിച്ച അതേ ചോദ്യം നമുക്ക് ഇവരോടും ചോദിക്കാം. "അലൈസ മിൻകും റജുലൻ റശീദ്" (തൻേറടമുള്ള ഒരു മനുഷ്യനും നിങ്ങളുടെ കൂട്ടത്തിലില്ലേ?)

ആരോപണം (9):- "അജ്ഞാത ശക്തികളുടെ സഹായം പ്രതീക്ഷിക്കുന്നത് ശിർക്കാണെന്ന് കെ.എൻ.എമ്മിൻെറ മദ്രസാപാഠപുസ്തകത്തിൽ ഇപ്പോഴും പഠിപ്പിക്കുന്നു. ഇതിന് വിരുദ്ധമായി ചിലർ പ്രസംഗിക്കുകയും ചെയ്യുന്നു. ഏതാണ് ശരി?

മറുപടി:- കെ.എൻ.എം. മദ്രസാപാഠപുസ്തകത്തിൽ സിഹ്റ് ചെയ്യുന്നത് എന്തുകൊണ്ട് പാപമായി എന്ന് വിശദീകരിക്കുന്ന മധ്യേ പറഞ്ഞ ഒരു വാചകം സുല്ലമി അടർത്തിയെടുത്ത് തൻെറ വാദത്തിലേക്ക് വലിച്ചുനീട്ടുകയാണ്. സിഹ്റ് ചെയ്യുന്നവർ അജ്ഞാതശക്തികളെ (അഥവാ പിശാചുക്കളെ) ആശ്രയിക്കുകയും അവലംബിക്കുകയും ചിലപ്പോൾ അവയെ പൂജിക്കുകയും അവയോട് സഹായം തേടുകയും ചെയ്യും. ഇതെല്ലാം ശിർക്കും കുഫ്റുമാണെന്നാണ് മദ്രസയിൽ പഠിപ്പിക്കുന്നത്. 'കട്ടിംഗ്, പേസ്റ്റിംഗ് വിരുതൻ' ആരെന്ന് സുല്ലമി കട്ട്ചെയ്ത ഉദ്ധരണിയുടെ അപ്പുറവും ഇപ്പുറവും വായിച്ച് വായന വിലയിരുത്തട്ടെ. പ്രസ്തുത ഭാഗമിതാ:

"അന്യരെ ഉപദ്രവിക്കാൻ വേണ്ടിയാണ് മിക്ക സിഹ്റും നടത്തുന്നതെന്ന് പറഞ്ഞല്ലോ. മറ്റുള്ളവരെ ഉപദ്രവിക്കാനുള്ള ശ്രമമെന്ന നിലക്ക് അത്തരം സിഹ്റുകൾ പാപമാണ്. അതിനു പുറമെ ഗൂഢവും അജ്ഞാതവുമായ വഴിക്കാണ് സിഹ്റിൽ ഫലം പ്രതീക്ഷിക്കുന്നത്. അജ്ഞാത ശക്തികളെ ആശ്രയിക്കുന്നത് ശിർക്കും കുഫ്റുമാണ്. അതുകൊണ്ടുതന്നെയാണ് മഹാപാപങ്ങളിൽ രണ്ടാമതായി സിഹ്റിനെ എണ്ണിയിട്ടുള്ളതും. (സ്വഭാവപാഠങ്ങൾ – നാലാം തരം പേജ് 15).

അടിവരയിട്ട ഭാഗം മാത്രമാണ് വിഘടിതർ ഉദ്ധരിച്ചത്. അതിലും ഒരു ചെറിയ കൈക്രിയ നടത്തി. 'ആശ്രയിക്കുന്നത്' എന്ന പുസ്തകത്തിലെ വാചകം നോട്ടീസിലെത്തിയപ്പോൾ 'സഹായം പ്രതീക്ഷിക്കുന്നത്' എന്നായി.! മാത്രമല്ല, സഹായം പ്രതീക്ഷിക്കുകയോ ആശ്രയിക്കുകയോ ചെയ്യുമെന്ന് ഇവിടെ പറഞ്ഞത് മന്ത്രവാദികളേയും ജോത്സ്യൻമാരേയും കുറിച്ചാണ്. അതും തന്ത്രപൂർവ്വം മറച്ചുവെച്ചു. സത്യവിശ്വാസികൾ പിശാചിൻെറ സഹായം പ്രതീക്ഷിക്കുകയോ പിശാചിനെ അവലംബിക്കുകയോ ചെയ്യരുതെന്നാണ് മദ്രസയിൽ പഠിപ്പിക്കുന്നതെന്നും ഇപ്പോൾ ചിലർ അതിനെതിരിൽ പ്രചാരണം നടത്തുന്നു എന്നുമാണ് സുല്ലമിയുടെ കണ്ടെത്തൽ!. വിഷയം അട്ടിമറിച്ച് തെറ്റദ്ധരിപ്പിക്കുന്നതിൽ ഈ സുല്ലമി അവാർഡിന് അർഹനാണ്. സാഹിറുകൾ ചെയ്യുന്ന ഈ കുഫ്ർ വിശ്വാസികൾ ചെയ്യണമെന്ന് ആരെങ്കിലും ഇവിടെ പറയുന്നുണ്ടോ സുല്ലമീ? ഇല്ലെങ്കിൽ പിന്നെ എവിടെയാണ് വൈരുധ്യം? ഇല്ലാത്ത വൈരുധ്യം പറഞ്ഞുണ്ടാക്കി അതിനെ എതിർക്കുന്ന നിങ്ങളുടെ ഈ നിഴൽയുദ്ധം ആർക്കുവേണ്ടിയാണ്? എന്തിനു വേണ്ടിയാണ്?

ആരോപണം (10):- "തങ്ങൾ പറയുന്ന വാദങ്ങൾക്കെല്ലാം ഹദീസിൻെറ പിൻബലമുണ്ടെന്നാണ് മൗലവിക്കുട്ടികൾ അവകാശപ്പെടുന്നത്. എങ്കിൽ ഈ ഹദീസുകൾ തലമൂത്ത മൗലവിമാർ ഇക്കാലമത്രയും ജനങ്ങളിൽ നിന്ന് മറച്ചുവെച്ചു എന്നല്ലേ അതിനർത്ഥം? അതോ ഈ ഹദീസുകളെല്ലാം 2002-ന് ശേഷം റിസർച്ച് ചെയ്ത് കണ്ടെത്തിയതാണോ?

മറുപടി:- ഇന്ന് മടവൂരികൾ ജിന്ന്-സിഹ്റ് വിഷയത്തിൽ കെ.എൻ.എമ്മിനെതിരെ ഉന്നയിക്കുന്ന 95% ആരോപണങ്ങളും ഹദീസുകളുടെ വെളിച്ചത്തിൽ ശബാബും മറ്റു മടവൂരി പ്രസിദ്ധീകരണങ്ങളും വളരെക്കാലം മുമ്പുതന്നെ മുജാഹിദുകളെ പഠിപ്പിച്ചതാണ്. ഈ ലഘുലേഖയിലും 2002-ൽ പുറത്തിറക്കിയ 'ജിന്നു സേവയും പിശാച് ബാധവും പിളർപ്പൻമാരുടെ സ്വന്തം കൃതികളിൽ' എന്ന പുസ്തകത്തിലും പ്രസ്തുത ഉദ്ധരണികൾ വിശദമായി കൊടുത്തിട്ടുണ്ട്. പ്രസ്തുത പുസ്തകത്തിന് ഇതുവരേയും മടവൂരികൾ മറുപടി എഴുതിയിട്ടില്ല. ആ ഉദ്ധരണികളിൽ പറഞ്ഞതൊന്നും 2002-ന് ശേഷം ഞങ്ങളാരെങ്കിലും ഗവേഷണം ചെയ്ത് കണ്ടുപിടിച്ചതല്ലല്ലോ? എന്നിട്ടും "മൗലവിക്കുട്ടികൾ' 'തലമൂത്തവർ' എന്നൊക്കെ പറഞ്ഞ് മടവൂരികൾ നുണപ്രചാരണം നടത്തുകയാണ്.

ആരോപണം (11):- "യഥാർത്ഥ വിശ്വാസികളുടെ മേൽ പിശാചിന് സ്വാധീനമില്ലായെന്ന് ആയത്തോതി നിങ്ങൾ വിശദീകരിക്കുന്നു. അതേസമയം അയ്യൂബ് നബിയുടെ രോഗത്തിന് ശൈത്വാൻ കാരണമായിട്ടുണ്ടെന്നും നിങ്ങൾ പറയുന്നു. അയ്യൂബ്നബി ദുർബല വിശ്വാസിയാണെന്ന് ധ്വനിപ്പിക്കുന്ന പ്രവാചകനിന്ദയല്ലേ ഇത്?"

മറുപടി:- യഥാർത്ഥ വിശ്വാസികളുടെ മേൽ പിശാചിന് സ്വാധീനമില്ല എന്നതിനർത്ഥം വിശ്വാസികളെ ദുർബോധനത്തിലൂടെ വഴിതെറ്റിക്കാൻ പിശാചിന് കഴിയില്ലെന്നോ മറ്റൊരു തരത്തിലുള്ള ഉപദ്രവവും പിശാച് വരുത്തുകയില്ല എന്നോ ആണെന്ന് ആരാണ് മടവൂരികളേ നിങ്ങളെ പഠിപ്പിച്ചത്?. മനുഷ്യരെ പിശാച് ഉദ്ദേശിക്കുന്ന മാർഗത്തിലേക്ക് (ഹറാം, ശിർക്ക്, കുഫ്ർ.........) നയിക്കാനുള്ള അധികാരശക്തിയോ സ്വാധീനമോ അവനില്ല. ദുരുപദേശങ്ങൾ നൽകിയും മനസ്സിൽ ദുഷ്പ്രേരണ ചെലുത്തിയും വഴിതെറ്റിക്കാൻ ശ്രമിക്കുക മാത്രമാണ് അവൻ ചെയ്യുന്നത്. അപ്പോൾ മനുഷ്യർ അവന് വഴങ്ങിക്കൊടുക്കുകയും ചെയ്യുന്നു. ഇതിലുപരിയായി മനുഷ്യനെ നിർബന്ധിച്ച് തൻെറ മാർഗത്തിലാക്കാനോ ബലാൽക്കാരമായി ശിർക്കും കുഫ്റും മറ്റും ചെയ്യിക്കാനോ പിശാചിന് കഴിയില്ല എന്നാണ് ആയത്തിൻെറ ഉദ്ദേശ്യം. അവനുണ്ടാക്കുന്ന വസ്വാസിൻെറ (ദുർമന്ത്രണത്തിൻെറ) പരിധി പറഞ്ഞതാണിത്.

അയ്യൂബ് നബി(അ) ക്ക് സിഹ്റ് ബാധിച്ച രോഗത്തിൽ പിശാചിന് യാതൊരു സ്വാധീനവുമില്ലെന്ന് തീർത്ത് പറയാൻ തെളിവൊന്നുമില്ല. നേരെ മറിച്ചാകട്ടെ തെളിവുണ്ട്താനും. ഒരു പ്രവാചകന് രോഗം ബാധിച്ചാൽ-ആ രോഗമുണ്ടാക്കുന്നതിന് പിശാചിന് പങ്കുണ്ടെന്ന് വന്നാൽ-ആ നബി ഒരു ദുർബല വിശ്വാസിയായി മാറുമെന്ന് ഈ സുല്ലമിയും അയാളുടെ വിടുവായിത്തങ്ങൾ ഏറ്റുപാടുന്ന വി.സി.കളും ഉണ്ടാക്കുന്ന ദുഷ്പ്രചാരണമാണ്. പ്രവാചകൻമാരുടെ രിസാലത്തിനെ (ദൈവിക ദൗത്യത്തെ) ബാധിക്കുന്ന തരത്തിൽ പിശാചിൻെറ യാതൊരു സ്വാധീനവും അവർക്കുണ്ടായിട്ടില്ല. കാരണം, ദൗത്യം സമ്പൂർണ്ണമാക്കി ജനങ്ങളിൽ എത്തിക്കാൻ കഴിയും വിധം അല്ലാഹു നബിമാരെ രക്ഷിക്കും. എന്നാൽ അതല്ലാത്ത രോഗങ്ങൾ, ദുഷ്പ്രേരണ ചെലുത്തൽ പോലുള്ളയുടെ കാര്യത്തിൽ നബിമാരെ അല്ലാഹു പ്രത്യേകം സംരക്ഷിക്കുമെന്ന് പ്രമാണങ്ങളിൽ തെളിഞ്ഞിട്ടില്ല. നബിമാരുടെ ചരിത്രം പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാവുകയും ചെയ്യും. ലളിതമായ ഇത്തരം യാഥാർത്ഥ്യങ്ങൾ പോലും വിസ്മരിച്ച് കാടടച്ച് വെടി വെക്കുന്ന മടവൂരികളുടെ ഈ ശൈലി നാശത്തിലേക്ക് വഴിതുറക്കലാണെന്ന് മാത്രം ഓർമ്മപ്പെടുത്തട്ടെ!.

ആരോപണം (12):- "ബദ്രീങ്ങളെ വളിച്ച് പ്രാർത്ഥിച്ചിട്ട് കാര്യമില്ല, ഇഫ്രീത്ത് ജിന്നിനെ വിളിച്ച് പ്രാർത്ഥിച്ചാൽ കാര്യമുണ്ട് എന്നാണോ നിങ്ങളുടെ വാദം?

മറുപടി:- മുജാഹിദുകൾ എവിടെയാണ് ജിന്നിനെ വിളിച്ച് പ്രാർത്ഥിക്കാമെന്ന് പറഞ്ഞത്? എവിടെയെങ്കിലും പറഞ്ഞതായി ഈ കള്ളവാദികൾക്ക് തെളിയിക്കാൻ സാധിക്കുമോ? മറിച്ച്, അല്ലാഹുല്ലാത്ത യാതൊന്നിനോടും, അത് ജിന്നാകട്ടെ, വലിയ്യാകട്ടെ, മലക്കാകട്ടെ വിളിച്ച് പ്രാർത്ഥിക്കരുത്, അല്ലാഹുവിനോട് മാത്രമേ വിളിച്ച് പ്രാർത്ഥിക്കാൻ പാടുള്ളു എന്നാണ് മുജാഹിദുകൾ സമൂഹത്തെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. മടവൂരികളേ.......ആടിനെ പട്ടിയാക്കുന്ന നിങ്ങളുടെ ഈ വൃത്തികെട്ട തന്ത്രം വി.സിക്കുട്ടികളുടെ അടുത്ത് മതി. മുജാഹിദുകൾക്കിടയിൽ അത് ചിലവാകില്ല.

ഏതായാലും സുല്ലമിയുടെ സി.ഡി.യുമായും അത് ലഘുലേഖയിലേക്ക് പകർത്തിയും മുജാഹിദുകൾക്കിടയിൽ വസ്വാസുണ്ടാക്കാൻ ശ്രമിക്കുകവഴി തങ്ങളുടെ മുങ്ങിക്കൊണ്ടിരിക്കുന്ന കപ്പലിനെ രക്ഷപ്പെടുത്താനാണ് മടവൂരികൾ ശ്രമിക്കുന്നതെങ്കിൽ അവരറിയണം, അബ്ദുസ്സലാം സുല്ലമി പറയുന്നതെന്തും ലഘുലേഖയാക്കി നാട്ടിൽ ഫിത്നയുണ്ടാക്കാൻ ശ്രമിക്കുന്ന നിങ്ങൾക്ക് ഈ സുല്ലമി തന്നെ പാരയായി മാറുന്നകാലം അതിവിദൂരമല്ല.

ജുബൈൽ ഇന്ത്യൻ ഇസ്‌ലാഹീ സെൻ്റർ ടെല: 00 966 3 361 6730